പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്വീകാര്യതയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതുമൂലം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണി ലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺ ലൈനാക്കിയിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചതിനുശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

141 (3295) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സർക്കാരിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമാക്കി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 13-2-2013 തീയതിയിലെ സ.ഉ. (പി) നം. 78/2013/ധന ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സമൂഹവും സമ്പദ്വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം.

(സി) സർക്കാറിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് ഓരോ മേഖലയിലും അക്കാഡമിക് രംഗത്തും ഭരണരംഗത്തും വൈദഗ്ധ്യമുള്ളവരുടെ പാനൽ രൂപീകരിക്കുകയും അവർ കേരളത്തിന് ഏറ്റവും അനുയോജ്യമായ നയരൂപീകരണത്തിന് പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായം തേടുകയും അവലൂടി ക്രോഡീകരിച്ച് കൃത്യമായ രീതിയിൽ റിപ്പോർട്ടും നയപരമായ നിർദ്ദേശങ്ങളും സർക്കാറിന് ലഭ്യമാക്കുകയും ചെയ്യും. ഇത്തരത്തിൽ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് അനുയോജ്യമായ വിധത്തിലാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചിരിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിനുള്ള വിഹിതം

142 (3296) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പണം നൽകുന്ന നിലവിലെ മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട പണം കുറഞ്ഞു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ എന്നും എങ്കിൽ 14-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ അധിക പണം ലഭിക്കാനായി എന്തെല്ലാം മാറ്റങ്ങൾ വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി എന്നും എന്നാണ് ആവശ്യമുന്നയിച്ചതെന്നും എന്ത് തുടർ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) 11, 12, 13 ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ പ്രകാരം സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയോ എന്നും എങ്കിൽ എന്ത് പഠനം നടത്തി എന്നും അതിന്മേൽ എന്ത് നടപടി നിലവിലെ സർക്കാർ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയ്ക്ക് ഉയർന്ന വെയ്റ്റേജും പ്രതിശീർഷ ആഭ്യന്തര ഉല്പന്നത്തിന് കുറഞ്ഞ വെയ്റ്റേജും ലഭിച്ചാൽ സംസ്ഥാനത്തിന് കൂടുതൽ വിഹിതം ലഭിക്കുമെന്നതിനാൽ ആയത് നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) വർദ്ധിച്ചു വരുന്ന റവന്യു കമ്മി കുറയ്ക്കാൻ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും ഇവയിൽ 14-ാം ധനകാര്യ കമ്മീഷൻ അംഗീകരിച്ചവ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly